(ബി) ഇപ്പോൾ പ്രാബല്യത്തിലുള്ള സ്കീം പ്രകാരം കെ.എസ്.ആർ.ടി.സി.-യിലാണ്.

(സി) കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തതും കെ.എസ്.ആർ.ടി.സി. മാത്രമായി ഓടുന്നതുമായ റൂട്ടുകൾ ലാഭകരമായാണ് പ്രവർത്തിക്കുന്നത്.

(ഡി) കണക്കാക്കിയിട്ടില്ല.

നെയ്യാറ്റിൻകര ഡിപ്പോയിലെ മൂത്രപ്പുര നിർമ്മാണം

211(5800) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നെയ്യാറ്റിൻകര ഡിപ്പോയിൽ യോഗ്യമല്ലാത്തരത്തിലും അശാസ്ത്രീയമായ രീതിയിലും മൂത്രപ്പുരകൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപാകം പരിഹരിക്കുന്നതിനും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

ഉത്തരം

(എ&ബി) യോഗ്യമല്ലാത്ത രീതിയിലോ അശാസ്ത്രീയമായ രീതിയിലോ മൂത്രപ്പുരകൾ നിർമ്മിച്ചിട്ടില്ല.

ബ്ലാക്ക്സ്മിത്ത് തസ്തിക നിയമനം

212(5801) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി എന്നാണ് പി.എസ്.സി. വഴി വിജ്ഞാപനം നടത്തിയിട്ടുള്ളത് ; എത്ര ഒഴിവുകളാണ് നിലവിലുണ്ടായിരുന്നത് ;

(ബി) ബ്ലാക്ക്സ്മിത്ത് തസ്തികയ്ക്കായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ; എങ്കിൽ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയുമോ ; ഇപ്പോൾ എത്ര ഒഴിവുകളാണ് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇതുവരേയും ആരേയും നിയമനത്തിനായി ശിപാർശ ചെയ്തിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തികയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-12-2009-ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 470/09 പ്രകാരമാണ് ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി പി.എസ്.സി. വിജ്ഞാപനം നടത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ 350 ഒഴിവുകളാണ് രേഖപ്പെടുത്തിയിരുന്നത്. ബ്ലാക്ക്സ്മിത്ത് തസ്തികയിൽ നിലവിൽ 405 ഒഴിവുകളാണുള്ളത്.

(ബി&സി) 23-10-2014-ൽ കെ.പി.എസ്.സി. പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 396 ഒഴിവുകളാണ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന ശിപാർശ 22-7-2015-ൽ കെ.പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ അയക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. ശേഷിച്ച 9 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹന രജിസ്ട്രേഷനിലെ ക്രമക്കേടുകൾമൂലമുള്ള നഷ്ടം

213(5802) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വാഹന രജിസ്ട്രേഷൻ ഫീസുകളും നടപടിക്രമങ്ങളും അന്യ സംസ്ഥാനങ്ങളിലെ രജിസ്ട്രേഷൻ ഫീസ്, നടപടിക്രമങ്ങൾ എന്നിവയേക്കാൾ കൂടുതലും സങ്കീർണ്ണവുമായതിനാൽ അന്യസംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ കരസ്ഥമാക്കി സംസ്ഥാനത്ത് വാഹനമോടുന്നതും ശേഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ മാറ്റപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തി സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങൾ/ രജിസ്ട്രേഷൻ സംസ്ഥാനത്ത് ട്രാൻസ്ഫർ ചെയ്യപ്പെട്ട വാഹനങ്ങൾ എത്രയെന്നും ഇതുമൂലം സംസ്ഥാനത്തിന് ഈ ഇനത്തിൽ എത്ര രൂപ നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേരയിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, പന്ത്രണ്ടോസ് കോലക്കേസ് പ്രതി നിസ്സാം ഉൾപ്പെടെ മറ്റ് ക്രിമനിലുകൾ തുടങ്ങിയവർ ഇത്തരത്തിലുള്ള, എത്ര വാഹനങ്ങൾ ഉപയോഗിച്ചു എന്നും 2011 മുതൽ 2015 വരെ ഓരോവർഷവും വകുപ്പിന്റെ അന്വേഷണത്തിലും മറ്റ് പരാതികളുടെ അടിസ്ഥാനത്തിലും കണ്ടെത്തിയ ഇത്തരത്തിലുള്ള വാഹനങ്ങൾ എത്ര എന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന് പ്രസ്തുത തരത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കാൻ എന്തുനടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?